# File No.LSGD-EPB3/211/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലാ - ചക്കിട്ടപാറ ഗ്രാമ പഞ്ചായത്ത് സീനിയർ ക്ലർക്ക് ശ്രീ.കെ.വി സജീവനെതിരായ അച്ചടക്ക നടപടി -1960 ലെ - കേരള സിവിൽ സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1295/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/07/2021

പരാമർശം:- 1 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.06.2018 ലെ E13(Q.V.16/16/NRK) 4704/2018 നമ്പർ കത്ത്.

2 സർക്കാരിന്റ 22.11.2018 ലെ EPB 3/211/2018 ത.സ്വ.ഭ.വ നമ്പർ കുറ്റപത്രം.

3 ശ്രീ. കെ.വി സജീവന്റെ 20/02/2019 ലെഎതിർവാദ പത്രിക.

4 പഞ്ചായത്ത് ഡയറക്ടറുടെ 15/01/2020 ലെ PAN/798/2019-D1 (DP) അഭിപ്രായ റിപ്പോർട്ട്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചക്കിട്ടപാറ, ചെമ്പ്ര ടൗണുകളിലെ അനധികൃത കെട്ടിടങ്ങൾക്ക് പണം വാങ്ങി നമ്പർ നൽകി എന്ന ആരോപണത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ടി പഞ്ചായത്തിൽ സത്വരാന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ.കെ.വി സജീവനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.വി സജീവനെതിരെ പരാമർശം (2) പ്രകാരം കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. തുടർന്ന് ശ്രീ.കെ.വി സജീവൻ പരാമർശം (3) പ്രകാരം സമർപ്പിച്ച മറുപടിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകളിൽ ഉത്തരവാദിയെന്നു കണ്ടെത്തിയ ശ്രീ.കെ.വി സജീവനെതിരെ കഠിന ശിക്ഷക്കുള്ള കുറ്റപത്രമാണ് നൽകിയിട്ടുള്ളത്. കുറ്റപത്രത്തിലെ ആരോപണങ്ങൾ കുറ്റാരോപിതൻ സമർപ്പിച്ച മറുപടിയിൽ ഖണ്ഡിച്ചിരിക്കുന്നതിനാലും പഞ്ചായത്ത് ഡയറക്ടർ ടിയാന്റെ എതിർവാദം അംഗീകരിക്കാൻ കഴിയില്ല എന്ന് അറിയിച്ചിരിക്കുന്നതിനാലും ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. കെ.വി. സജീവനെതിരായ ആരോപണങ്ങളിന്മേൽ 1960 ലെ കേരള സിവിൽ സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

**File No.LSGD-EPB3/211/2018-LSGD**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

പകർപ്പുകൾ

1.പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോഴിക്കോട് (പരാമർശം 1,2,3 എന്നിവയുടെ സഹിതം)

2. ശ്രീ. പി.കെ സജീവൻ, സീനിയർ ക്ലർക്ക്,ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ട് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ)
5. പ്രസിഡന്റ്/സെക്രട്ടറി, ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്ത്
6. ഡയറക്ടർ, ഐ.എം.കെ തിരുവനന്തപുരം
7. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sudheer S S
Date: 08-07-2021 16:17:57
Reason: Approved

സെക്ഷൻ ഓഫീസർ